# വിശ്വാസം, വിമോചനം, വിളംബരം

C.S.I Pre- Youth Assembly Presentations: Trinity Cathedral, Kottyam, Aug. 30-31, 2012
Yuhanon Mor Meletius Metropolitan

## ആമുഖം

1. എങ്ങനെയാണ് വിശ്വാസം നാം നിർവ്വചിക്കുക? വിശ്വാസം എന്നാൽ എന്താണ് എന്ന ചോദ്യത്തിന് ഒരു നിഷ്കളങ്ക വിശ്വാസി നൽകുന്ന ആദ്യത്തെ ഉത്തരം ഒരുപക്ഷെ എബ്രായ ലേഖനം 11:1 ആയിരിക്കും. "ആശിക്കുന്നതിന്റെ ഉറപ്പും കാണാത്തതിന്റെ നിശ്ചയവും''. ഇത് തികച്ചും അവ്യക്തമായ ഒരു ഉത്തരമായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. ആര് എന്ത് ആശിക്കുന്നു എന്നതും, ആര് എന്ത് കാണാൻ ആഗ്രഹിക്കുന്നു എന്നതും തികച്ചും ആപേക്ഷികമായി കാര്യങ്ങളാണ്. അവയുടെ അടിസ്ഥാനത്തിൽ ഒരു സാർവ്വലൗകിക വിശ്വാസത്തെ വിശദമാക്കാൻ കഴിയില്ല.

ആദിമ സഭ നിർവ്വചിച്ച രണ്ട് മൂന്ന് വിശ്വാസ പ്രഖ്യാപനങ്ങളുണ്ട്. അവ പ്രഘോഷിക്കുന്ന പല കാര്യങ്ങളും മാറിയ സാഹചര്യത്തിൽ ചോദ്യം ചെയ്യലിന് വിധേയമാകും. ഉദാഹരണത്തിന് നിഖ്യാ - കുസ്തന്തീനോപോലീസ് പ്രഖ്യാപനത്തിൽ സർവ്വശക്തിയുള്ള പിതാവായി ... എന്ന് തുടങ്ങുന്നതിൽ ആദ്യ വിശേഷണം തന്നെ ചോദ്യം ചെയ്യപ്പെടാം. ദൈവം ശരിക്കും സർവ്വ ശക്തനാണോ? ആണെങ്കിൽ അനീതിയും അക്രമവും എന്തുകൊണ്ട് അവൻ തടയുന്നില്ല? ഈ വിശ്വാസ വ്യാഖ്യാനങ്ങൾ ഉണ്ടായ സാഹചര്യം മനസ്സിലാക്കിയാൽ ഇത്തരം ചോദ്യങ്ങൾ അന്ന് ഉന്നയിക്കപ്പെട്ടിരുന്നില്ല എന്ന് കാണാം. മറിച്ച് ഈ വ്യാഖ്യാനങ്ങൾ അന്നുണ്ടായിരുന്ന മറ്റു ചില ചോദ്യങ്ങളെ നേരിടാൻ ഉണ്ടാക്കിയവ എന്നതിനാൽ എല്ലാ ചോദ്യങ്ങളും അവ നേരിടില്ല എന്ന് കരുതുകയും അതുവഴി ഈ പ്രഖ്യാപനങ്ങളുടെ പരിമിതി ബോധ്യപ്പെടുകയും ചെയ്യും. അതുകൊണ്ടുതന്നെ ഒരു പുതിയ അന്വേഷണം നടത്താൻ ഞാൻ നിർബ്ബന്ധിതനാകുന്നു.

## പ്രശ്നം

2. ചരിത്രം പരിശോധിച്ചാൽ ലോകത്തിൽ ഏറ്റം അപകടം പിടിച്ച കാര്യങ്ങളിൽ ഒന്നായിട്ടാണ് വിശ്വാസമെന്നതിനെ കാണാൻ കഴിയൂ. ഇതിന് ഒരു കാരണം മേൽപറഞ്ഞ തരത്തിലുള്ള നിർവ്വചനമാണ്. ആരുടെ വിശ്വാസം, എന്തിലുള്ള വിശ്വാസം, എങ്ങനെയുള്ള വിശ്വാസം ഇതെല്ലാം അനുസരിച്ച് അപടകത്തിന്റെ തീഷ്ണതയും മറിച്ച് ലാഘവത്വവും വ്യത്യാസപ്പെട്ടിരിക്കും. ഏതെങ്കിലും വിധത്തിലുള്ള വിശ്വാസമില്ലാത്ത ആരെങ്കിലും ഈ ലോകത്ത് ഉണ്ടോ എന്ന് സംശയമാണ്. അവിശ്വാസി എന്ന് സ്വയം വിശേഷിപ്പിക്കുന്നവർക്കും അതൊരു വിശ്വാസമാണ് എന്നേ കരുതാൻ പറ്റൂ. വിശ്വാസത്തിന്റെ ഏറ്റവും വലിയ അപകടം അത് ചോദ്യങ്ങളെ സ്വീകരിക്കുന്നില്ല എന്നതാണ്. അവിടെ മറ്റൊരാൾക്ക് കടന്നുവരാൻ കഴിയുന്നില്ല. ഏത് സമയത്തും നിഷേധ നിലപാടായി തീരാവുന്ന ഒരു പ്രതിരോധനിര ചോദ്യമില്ലായ്മ സൃഷ്ടിക്കുന്നു. ചോദ്യങ്ങളിലൂടെ മാത്രമെ ഒരാൾക്ക് മറ്റൊരാളിലേക്ക് എത്തിപ്പെടാൻ കഴിയൂ.

3. അതുകൊണ്ട് വീണ്ടും മറ്റ് പരമ്പരാഗതമായ വ്യാഖ്യാനങ്ങളിലേക്ക് എന്റെ അന്വേഷണം ഞാൻ വലിച്ചുനീട്ടുന്നു. 3-4 നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ചിരുന്ന അത്താനാസിയോസ് ആദിമ സഭയിൽ വിശ്വാസം വ്യാഖ്യാനിച്ച ആളാണ്. "Faith is our knowledge about the mystery of the divine എന്ന നിലയിലാണ് വിശ്വാസത്തെ അദ്ദേഹം നിർവ്വചിക്കുന്നത്. പക്ഷെ mystery എന്ന വാക്ക് വീണ്ടും അവ്യക്തത സൃഷ്ടിക്കും എന്നത് മാത്രമല്ല വിരുദ്ധത ഉണ്ടാക്കാനും ഇടയാക്കും. റോമൻ കത്തോലിക്ക വിശ്വാസ പ്രഖ്യാപനം പരിശോധിച്ചപ്പോൾ Faith is the faith in the death and resurrection of Christ എന്നാണ് കണ്ടത്. അവിടെ ഒരു സങ്കീർണതയാണ് ഞാൻ കാണുന്നത് വിശ്വാസം വിശ്വാസമാണ് എന്ന് പറയും പോലെ തോന്നുന്നു. മാത്രമല്ല ദൈവീക രക്ഷാ പദ്ധതിയാണ് ഇവിടെ ഉദ്ദേശിക്കുന്നത് എങ്കിൽ അതിനെ ക്രിസ്തുവിന്റെ മരണം പുനരുദ്ധാനം എന്നിവയിൽ പരിമിതപ്പെടുത്തുവാൻ ഞാൻ ഒരുക്കമല്ല. ഇതൊന്നും കൂടാതെ പാശ്ചാത്യ നാട്ടിൽ ഇന്ന് പ്രചരിക്കുന്ന രാഷ്ട്രീയ തത്വ ചിന്തയുടെ ഏറ്റം അപകടകരമായ ബീജത്തെ ഞാൻ അതിൽ കാണുകയും ചെയ്യുന്നു. അവൻ എനിക്കുവേണ്ടി മരിച്ചാൽ അവൻ ഉയിർക്കും ഞാൻ രക്ഷ പ്രാപിക്കുകയും ചെയ്യും. അപ്പോൾ ഞാൻ രക്ഷപ്രാപിക്കണമെങ്കിൽ അവൻ മരിക്കണം. കുഴപ്പമില്ല മരിച്ചോളൂ പിന്നെ ഉയിർത്തുകൊള്ളും എന്ന് മരിക്കുന്നവനെ ആശ്വസിപ്പിക്കുകയും

ചെയ്യാം. ഇതാണ് കൊറിയയിലും, വിയറ്റ്നാമിലും, ഇറാക്കിലും, അഫ്ഗാനിസ്ഥാനിലും ഞാൻ കാണുന്നത്. ഇനി ഇറാനിലും സിറിയയിലും കാണാനിരിക്കുന്നതും ഇതുതന്നെ. അവൻ എനിക്കുവേണ്ടി മരിക്കാൻ സ്വയം തയാറല്ല എങ്കിൽ മരിപ്പിക്കുന്നതും തെറ്റാവില്ല. കാരണം അവസാനം അവൻ ഉയിർത്തെഴുന്നേറ്റുകൊള്ളുമല്ലൊ. അത്യന്തികമായി ഞാൻ രക്ഷപെടുകയും ചെയ്യും. അനേകർക്ക്വേണ്ടി ഒരുവൻ മരിക്കുന്നതു നല്ലതാണ് എന്ന് യേശുവിനെ വിസ്മരിച്ച മഹാപുരോഹിതനും പറഞ്ഞിട്ടുണ്ട്.

മാർട്ടിൽ ലൂഥറിന്റെ വ്യാഖ്യാനത്തെ പരിശോധിച്ചതിൽ “Faith is God's work in us, that changes us and gives new birth from God” (John 1:13. *An Introduction to St. Paul's Letter to Romans*) എന്ന് കാണുന്നു. അപ്പോൾ ഇക്കാര്യത്തിൽ എന്റെ ഭാഗം എന്തായിരിക്കും എന്ന ചോദ്യത്തിന് ഉത്തരം കാണുന്നില്ല. “It is also a living bold trust in God's grace, so certain of God's favor that it would risk death a thousand times trusting in it” എന്ന് പറഞ്ഞാലും കഥ പൂർണ്ണമാകുന്നില്ല. തീർച്ചയായും വിശ്വാസം എന്നത് തികച്ചും മനുഷ്യ പ്രവർത്തി ആണ് എന്നും അത് എപ്രകാരമായിരിക്കണം എന്ന് സഭാധികാരികൾ തീരുമാനിക്കും എന്നും പറഞ്ഞിരുന്ന ഒരു കാലത്ത് ലൂഥറിന് ഇങ്ങിനെ തിരുത്തി പറയേണ്ടി വന്നു എന്നത് ശരിതന്നെ. പക്ഷെ ചിത്രം ഇപ്പോഴും വ്യക്തമല്ല.

ജോൺ കാൽവിനോട് ചോദിച്ചാൽ “It is a steady and certain knowledge of the divine benevolence toward us ...” എന്ന് പറയും. ഇവിടെ പരിജ്ഞാനം വ്യക്തിഗതവും ആപേക്ഷികവും ആയാൽ അപകടകരമായ സ്ഥിതി ഉണ്ടാകാം.

4. ഇതെല്ലാം കൊണ്ട് ഞാൻ എന്റെ രീതിശാസ്ത്രത്തിൽ ഒരു വ്യതിയാനം വരുത്തുകയാണ്. വിശ്വാസം എന്തിലാണ് എന്ന് പറഞ്ഞാൽ എന്താണ് വിശ്വാസം എന്ന് പറയാൻ എളുപ്പമാകും എന്ന് ഞാൻ കരുതുന്നു. എന്റെ വിശ്വാസം ‘ദൈവത്തിന്റെ മനുഷ്യാവതാര’ത്തിലാണ്. ഒന്നുകൂടെ പറയട്ടെ, ദൈവം മനുഷ്യനായി എന്നതിലാണ് എന്റെ വിശ്വാസം. ഇതുയർത്തുന്ന അനേകം സാദ്ധ്യതകളുണ്ട്. ഇവയിൽ ഒന്നാണ് എന്റെ വിശ്വാസത്തിന് നിർവ്വചനം ഉണ്ടാക്കുക എന്നത്.

5. അത്യന്തികമായ ചോദ്യത്തിലേക്ക് വരുന്നതിന് മുൻപ് ഇക്കാര്യം ഒന്നുകൂടെ വിശദീകരിക്കട്ടെ. ദൈവം മനുഷ്യനായി എന്നു പറഞ്ഞാൽ ദൈവം എന്നിൽ, എന്നോടുകൂടെ എന്നാണ് ഞാൻ മനസ്സിലാക്കുന്നത് (ഇവിടെ ഞാൻ എന്ന് പറഞ്ഞാൽ സാധാരണ ചിന്തിക്കുന്നതുപോലെ ഏക വചനമല്ല ബഹു വചനമാണ്. അത് പിന്നീട് വിശദീകരിക്കാം). പഴയവേദസാക്ഷ്യം പരിശോധിച്ചാൽ ഇതൊരു പുതിയ കാര്യമായി കാണില്ല. ആദി മുതൽ ദൈവത്തിന്റെ സ്വഭാവം ഇതായിരുന്നു എന്ന് വേദം സാക്ഷിക്കുന്നു. ഇത് മനുഷ്യന്റെ അവസ്ഥയുമായോ പൊതുവെ പറയുന്ന പാപ - പുണ്യങ്ങളുമായോ ഉള്ള ബന്ധത്തിലല്ല നിലനില്ക്കുന്നത് (ഉല്പത്തി 3:8 -9 സന്ധ്യയുടെ കുളിർമയിൽ തോട്ടത്തിൽ വന്ന് മനുഷ്യനെ അന്വേഷിക്കുന്ന റെദവം; 28:10 മു. തെറ്റുചെയ്ത് ഒളിച്ചോടുന്ന യാക്കോബിനോടൊപ്പം; പുറ. 13:21മു. മരുഭൂ യാത്രയിൽ മേഘത്തിലും, അഗ്നിയിലും ജനത്തോടൊപ്പം സഞ്ചരിക്കുന്നവൻ; പുറ. 25 മു. സമാഗമന കൂടാരവും സാക്ഷ്യപെട്ടകവും; 1 രാജാ. 19 ജനത്തെ കരുതി ഏലിയാവിനോടൊപ്പം സഞ്ചരിച്ച് അവനെ തിരികെ കൊണ്ടുവരുന്ന ദൈവം; മത്തായി 1:22 ഇമ്മാനുവേൽ - ഏശായ 7:14; വെളി. 21:3 ദൈവത്തിന്റെ കൂടാരം മനുഷ്യരുടെ മദ്ധ്യത്തിൽ). ഈ സ്വഭാവത്തിന്റെ ഏറ്റവും പുതിയ പതിപ്പാണ് മത്തായി 16:16 ൽ കാണുന്ന “നീ ജീവനുള്ള ദൈവത്തിന്റെ പുത്രൻ” എന്ന പത്രോസിന്റെ പ്രഖ്യാപനത്തിന്റെയും യോഹന്നാൻ 1:1-3,14 വാക്യങ്ങളിലെ പ്രസ്ഥാവനകളുടെയും (വചനം ദൈവമായിരുന്നു - വചനം ജഡം ധരിച്ചു - നമ്മുടെ ഇടയിൽ പാർത്തു) അടിസ്ഥാനം. ചരിത്രത്തിൽ പ്രകടമായ ഈ ദൈവ സ്വഭാവത്തിലാണ് എന്റെ വിശ്വാസം. ഈ മനുഷ്യാവതാരം എന്നെയും എന്റെ സാഹചര്യങ്ങളെയും ഗൗരവമായി എടുക്കുകയും എന്റെ മനുഷ്യത്വം അവനിൽ, അവന്റെ പ്രവർത്തനങ്ങളിൽ അഭേദ്യമായി അനുരഞ്ജിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതാകട്ടെ മനുഷ്യനും ദൈവവും തമ്മിലുള്ള സമാധാന പ്രക്രിയയിൽ പങ്കാളി ആകാൻ എന്നെ സ്വാഭാവികമായി നിർബ്ബന്ധിക്കുന്നു.

വിശ്വാസം

6. ഇപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിശ്വാസം എന്നത് നിർവ്വചിക്കാൻ എനിക്കാകും. എനിക്ക് വിശ്വാസം എന്നാൽ ചരിത്രത്തിൽ മനുഷ്യാവതാരത്തിലൂടെ വെളിപ്പെട്ട ദൈവത്തോടുള്ള പ്രതിബന്ധത ആണ്. തീർച്ചയായും ഇത് ഭാവിയേയും, കാണാത്തതിനെയും സംബന്ധിച്ച സൂചന നൽകുന്നുണ്ട്. എന്നാൽ എബ്രായാ ലേഖനത്തിൽ പറയുന്നതുപോലെ

അവയല്ല ഒന്നാമത്തേതും അടിത്തറയും. ഇന്നും ഇന്നത്തെ ജീവിത സാഹചര്യങ്ങളുമാണ് ഒന്നാമതായി വരിക.

7. ഈ കേവലവും ശുദ്ധവുമായ വിശ്വാസത്തെയും അതിന്റെ പ്രായോഗികതയിലെ വിശദാംശങ്ങളെയും ജീവിത സാഹചര്യത്തിൽ കൊണ്ടുവരുന്നത് സംസ്ക്കാരമാണ്.
കാരണം മനുഷ്യൻ തൽക്കാലം പരിമിതനും സാഹചര്യ നിബന്ധനകൾക്ക് വിധേയനുമാണ്.
ഇവിടെയാണ് മതത്തിന് പ്രസക്തി ലഭിക്കുന്നത്. വിശ്വാസം സാംസ്ക്കാരികതയിൽ പൊതിഞ്ഞതാണ് മതം. സംസ്ക്കാരത്തിന്റെ പൊതിക്കെട്ടിൽ വരുമ്പോൾ വിശ്വാസത്തിന് ചോദ്യങ്ങളെ നേരിടേണ്ടിവരുന്നു. ചോദ്യങ്ങൾ ഉണ്ടാകുന്നത് ഏത് സമൂഹത്തിനും നല്ലതാണ് എങ്കിലും ഏതുതരം ചോദ്യങ്ങൾ ഉണ്ടാകുന്നു എന്നത് നന്മയെ നിർണ്ണയിക്കും.
ക്രൈസ്തവ സമൂഹത്തിൽ ചരിത്രത്തിൽ ഉണ്ടായ ചോദ്യങ്ങളുടെ സ്വഭാവം നമുക്കറിയാം.
ദൈവം എങ്ങിനെയാണ് മനുഷ്യനാവുക? എത്ര ശതമാനം വീതം രണ്ടും ഉണ്ടാകും? ഈ മനുഷ്യനായ ദൈവത്തിന് മാനുഷികമായ ഏതെല്ലാം പരിമിതികൾ ഉണ്ടാകും? ദൈവത്തെക്കുറിച്ച് പൊതുവെ പറഞ്ഞുകേൾക്കുന്ന സ്വഭാവങ്ങളുടെ അവസ്ഥ എന്താകും? ഇങ്ങനെ കുറെ ചോദ്യങ്ങൾ. ഇവയോടൊപ്പം ചരിത്രഗതിയിൽ മുൻ പറഞ്ഞവയ്ക്ക് സമാനമായ വേറെ ചോദ്യങ്ങളും ഉണ്ടാകാം. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഓരോ സമൂഹത്തെ സൃഷ്ടിക്കുന്നു. പക്ഷെ ഇവയെല്ലാം സാംസ്ക്കാരിക പശ്ചാത്തലത്തിലെ മുൻവിധികൾ, ഊഹങ്ങൾ, ധാരണകൾ എന്നിവയിൽ മാത്രം അടിസ്ഥാനമുള്ളവയാണ്.

8. ഈ ചോദ്യങ്ങളുടെ ഉത്തരങ്ങളിൽ രക്ഷ കുടുങ്ങികിടക്കുന്നു എന്നാണ് പരമ്പരാഗത ക്രൈസ്തവ മത പാണ്ഡിത്യം. എന്നാൽ ഇവ രക്ഷയെ അല്ല വിഭജനത്തെയും അതുകൊണ്ട് രക്ഷാരാഹിത്യത്തെയുമാണ് സൃഷ്ടിച്ചത് എന്ന് ചരിത്രം സാക്ഷിക്കുന്നു. ഇവിടെ നല്ലൊരു ശതമാനവും തെറ്റിദ്ധരിക്കപ്പെട്ട ഒറ്റയാളായി കരുതിയ 'എന്നിലേക്കും' 'എന്റെ' സാഹചര്യത്തിലേക്കും സംസ്ക്കാരത്തിലേക്കും മാത്രം നോക്കിയുള്ള വ്യാഖ്യാനങ്ങളുടെ പരിണിത ഫലമായിരുന്നു. ഇതാണ് മതത്തെയും വിശ്വാസത്തെയും അപകടകരമാക്കിതീർക്കുന്ന മറ്റൊരു ഘടകം. തീർച്ചയായും ഇതിൽ ഒറ്റപ്പെട്ട വ്യക്തികൾ മാത്രം ഉൾപ്പെട്ട വിഷയമാകണമെന്നില്ല. 'ഞാൻ' എന്നതിനെ തെറ്റിദ്ധരിക്കുന്ന അനേകം വ്യക്തികളുടെ കൂട്ടായ്മകളും ഈ വിധത്തിൽ ഉണ്ടാകാം.

9. ദൈവം മനുഷ്യനായി എന്ന വിശ്വാസം ദൈവത്തിൽ നിന്നും ശ്രദ്ധ മനുഷ്യനിലേക്ക് തിരിക്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്നു. കർത്താവെ കർത്താവെ എന്ന് വിളിച്ച് സ്തുതി ഗീതമാലപിക്കാനല്ല നിർദ്ദേശം പിതാവിന്റെ ഇഷ്ടം ചെയ്യാനാണ് (മത്തായി 7:21); പിതാവിന്റെ ഇഷ്ടമാകട്ടെ അവൻ അയച്ചവനിൽ വിശ്വസിക്കുകയും (യോഹ. 8:29) വിശ്വസിച്ച് വിമോചിതരാവുകയും ചെയ്യുക (യോഹ. 3:15) എന്നതാണ്. അതായത് മനുഷ്യാവതാരം ചെയ്തവനോടുള്ള പ്രതിബദ്ധതയിലെ ജീവിതത്താൽ വിമോചനം അനുഭവിക്കുക. മുകളിലോട്ട് നോക്കാനല്ല ചുറ്റുപാടിലേക്ക് നോക്കാനാണ് നിർദ്ദേശം. ദൈവത്തിന്റെ ശ്രദ്ധ മനുഷ്യരിലാണ് (ഒരു പടി കൂടെ കടന്ന് തന്റെ സൃഷ്ടി മുഴുവനിലുമാണ് ദൈവത്തിന്റെ ശ്രദ്ധ എന്ന് പറയേണ്ടതുണ്ട്. അത് പിന്നീട് പരിഗണിക്കാം) എന്നതാണ് മനുഷ്യാവതാരം വെളിപ്പെടുത്തുന്ന സത്യം. അപ്പോൾ മനുഷ്യാവതാരം ചെയ്ത ദൈവത്തിൽ വിശ്വസിക്കുന്നവരുടെ ശ്രദ്ധയും മനുഷ്യനിൽ ആയിരിക്കണം.

10. ദൈവം മനുഷ്യനായി എന്നുപറഞ്ഞാൽ കേരളത്തിലെ മനുഷ്യനായി എന്നൊ, അതിൽ തന്നെ സുറിയാനി പാരമ്പര്യത്തിലെ മനുഷ്യനായി എന്നൊ അല്ലെങ്കിൽ നമ്പൂതിരി മാർഗ്ഗം കൂടിയ മനുഷ്യനായി എന്നൊ അല്ല അർത്ഥം. എബ്രായാ പരാരമ്പര്യത്തിൽ 'ആദം' എന്ന വാക്ക്കൊണ്ട് ഉദ്ദേശിച്ച അതേ കേവല മനുഷ്യനായി - സാർവ്വ ലൗകിക - സാർവ്വകാലിക മനുഷ്യനായി എന്നാണ് മനസ്സിലാക്കേണ്ടത്. എന്നാൽ 'ആദം' എന്ന വാക്ക് തർജ്ജമ ചെയ്യാതെ ഏകവചന രൂപത്തിലും പുംലിംഗ ഭാവത്തിലും വ്യാഖ്യാനിക്കപ്പെട്ടതുപോലെ മനുഷ്യനായി എന്നതിലെ മനുഷ്യനെ വിഭാഗീയ കാഴ്ചപ്പാടിൽ വ്യാഖ്യാനിക്കാൻ തുടങ്ങി ചരിത്രത്തിൽ സമൂഹത്തിലെ പ്രബല വർഗ്ഗം.

സർവ്വ ജാതിയുടെയും അനുഗ്രഹത്തെ അഥവാ രക്ഷയെ ലക്ഷ്യമാക്കി (ഉല്പത്തി 12: 3) അബ്രാഹാമിനോടൊത്ത് ഇറങ്ങിതിരിച്ച ദൈവത്തിന് യാത്രയുടെ അവസാനം ദാവീദിന്റെ സ്വകാര്യ പട്ടണത്തിലും പിന്നീടവന്റെ മകൻ അവിടെ പണിത കെട്ടിടത്തിലെഅതിവിശുദ്ധ

സ്ഥലം എന്ന് വിശേഷിപ്പിക്കപ്പെട്ട ഇരുൾ നിറഞ്ഞ തടവറയിലും മനുഷ്യരിൽ നിന്നകന്ന് കുറെകാലം കഴിയേണ്ടിവന്നു.

അബ്രാഹാമിനോടൊപ്പം സഞ്ചരിച്ച ദൈവം തന്നെയാണ് ജനത്തോടൊപ്പം മേഘസ്തംഭത്തിലും അഗ്നിതൂണിലും അവരുടെ ആവലാതിയും പരാതിയും പിറുപിറുക്കലും സഹിച്ച് സഞ്ചരിച്ചു. ഈജിപ്റ്റിൽ നിന്നും പുറപ്പെട്ട അവരോടൊപ്പം അവൻ സാക്ഷ്യപെട്ടകത്തിൽ അവരുടെ സുഖ-ദുഃഖങ്ങളിൽ പങ്കാളിയായി യാത്രചെയ്തു. മനുഷ്യന്റെ വിശ്വാസക്കുറവിന് അവൻ മാത്രം അനുഭവിക്കേണ്ടിയിരുന്ന നാല്പത് കൊല്ലത്തെ ചുറ്റിതിരിയലിലും ദൈവം ചുറ്റിതിരിഞ്ഞ് കൂടെ സഞ്ചരിച്ചു. കുടിയേറ്റ ഭൂമിയിൽ നിലനില്പിനും കുടികിടപ്പവകാശത്തിനും വേണ്ടിയുള്ള സമരങ്ങളിൽ അവൻ മുൻപന്തിയിൽ ഉണ്ടായിരുന്നു. അക്കാലത്ത് അവൻ മനുഷ്യരോടൊപ്പം തടവിലാവുകയും (1 ശാമു. 4:17) പീഡിപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ ദൈവത്തെയാണ് അപ്പനും പിന്നെ മകനും തടവിലാക്കിയത്. കാലഗതിയിൽ രാജാവില്ലാതായപ്പോൾ പുരോഹിതന്മാരായി തടവറ സൂക്ഷിപ്പുകാർ. ഇതൊക്കെ ദൈവത്തിന്റെ നാമത്തിലും അവന്റെ ആജ്ഞ പ്രകാരവും നടത്തി എന്നാണ് വ്യാഖ്യാനിച്ചത് ( എന്നാൽ അവൻ എന്താണ് പറഞ്ഞത് എന്ന് അന്ധകാരം നീക്കി ഒരുവട്ടം പുറത്തുവരുന്നുണ്ട് (2ശാമു. 7:5-7 എന്താണ് നിങ്ങൾ എനിക്കൊരു വീടുണ്ടാക്കത്തത് എന്ന് എപ്പോഴെങ്കി ഞാൻ ചോദിച്ചിട്ടുണ്ടോ?).

ഈ തടവറയിൽ നിന്നും ഏതാനും പതിറ്റാണ്ടുകൾ ദൈവത്തിന് മോചനം ലഭിച്ചു പ്രവാസകാലത്തും അതിന് ശേഷവും. എന്നാൽ വീണ്ടും പുതുക്കി പണിത ആലയത്തിൽ അവൻ തടവിലായി യേശുവിന്റെ കാലം വരെ. പിന്നെ തിരശീല കീറി താൻ പുറത്താണെന്നവരെ ഓർമ്മിപ്പിച്ചു. അങ്ങിനെ രാഷ്ട്രീയ നേതൃത്വവും, മത നേതൃത്വവും മാറിമാറി ദൈവത്തെ തടവുകാരനാക്കി തൻകാര്യം സാധിച്ചുപോന്നതിന് ചരിത്രം സാക്ഷി. ഇന്നും ഏതാണ്ട് ഇതുതന്നെ ദൈവത്തിന്റെ ദയനീയമായ അവസ്ഥ; മറ്റുരണ്ടിന്റെയും കൂട്ടത്തിൽ ദൈവ ശാസ്ത്രജ്ഞർ എന്ന പുതിയൊരു വിഭാഗം കൂടി ചേർന്നിട്ടുണ്ട്.
രാഷ്ട്രിയ നേതൃത്വം ക്രിസ്ത്യാനി ആകണമെങ്കിൽ അമേരിക്കൻ ചേരി ആയിരിക്കണം എന്നും അവർ നടത്തുന്ന 'കുരിശു യുദ്ധ'ങ്ങളിൽ പങ്കാളികളാകണം എന്നും നിയമം കൊണ്ടുവന്നു. രക്ഷപ്രാപിക്കണമെങ്കിൽ തങ്ങൾ ചൊല്ലിതരുന്ന പ്രാർത്ഥന മാത്രം ചൊല്ലണം എന്നും തങ്ങൾ പറയുന്ന അധികാരത്തെ മാത്രമെ വണങ്ങാവൂ എന്നും മത നേതൃത്വം പഠിപ്പിച്ചു. ദൈവ ശാസ്ത്രജ്ഞർ ദൈവത്തെ കീറിമുറിച്ച് പ്രദർശനത്തിന് വച്ച് പരസ്പരം വാഗ്വാദത്തിൽ ഏർപ്പെട്ടു. അപ്പോഴെല്ലാം ഇമ്മാനുവേലായ ദൈവം തടവിൽ തന്നെ കിടന്നു.

ഇതുകൊണ്ട് വിമോചനം എന്നൊ രക്ഷ എന്നൊ പറയുമ്പോൾ ആദ്യം ദൈവത്തിന്റെ വിമോചനം അഥവാ രക്ഷ എന്ന് പറയേണ്ടിവരുന്നു. ദൈവത്തെ മനുഷ്യമദ്ധ്യത്തിലേക്ക് വിമോചിപ്പിക്കുവിൻ എന്ന് വിളിച്ചുപറയേണ്ടിവരുന്നു. അവിടെയാണ് അവന്റെ കൂടാരവും വാസവും. മനുഷ്യന്റെ വിമോചനം ദൈവത്തിന്റെ വിമോചനമാണ്. ദൈവത്തിന്റേത് മനുഷ്യന്റേതും. ഞാൻ തടവിലായിരുന്നു, രോഗി ആയിരുന്നു, നഗ്നനായിരുന്നു എന്നെല്ലാം പറയുന്നത് ശ്രദ്ധിക്കുക (മത്തായി 25). ഈ ചെറിയവരിൽ ഒരുത്തന് ചെയ്തിട്ടുള്ളത് തനിക്കായി ചെയ്തത് എന്നാണ് മനുഷ്യാവതാരം ചെയ്ത ദൈവമതം.

ദൈവവും മനുഷ്യനും തമ്മിലുള്ള ഈ ജൈവബന്ധം ഗൗരവപൂർവ്വം പരിഗണിക്കേണ്ട വിഷയമാണ്. ലാസറിന്റെ കല്ലറക്കൽ നിന്നുകൊണ്ട് അവനെ അഴിച്ചുവിടുവിൻ അവൻ പോകട്ടെ (യോഹ. 11:44) എന്ന് പറഞ്ഞവനാണ് പിന്നീട് കല്ലറയിൽ നിന്നും മരണത്തിൽ നിന്നും സ്വയം കെട്ടുകൾ അഴിച്ച് വിമോചിതനായി പുറത്തുവന്നത്. അതിനും മുൻപ് അനേകരുടെ കെട്ടുകളെ അവൻ അഴിച്ചുകളഞ്ഞു. അതിൽ പലതും മതവും ന്യായപ്രമാണവും കെട്ടിയവയായിരുന്നു. മനുഷ്യനെ വിമോചിപ്പിക്കുന്നവനാണ് മനുഷ്യപുത്രൻ. മനുഷ്യനെ വിമോചിപ്പിക്കുന്ന മനുഷ്യപുത്രന് മാത്രമെ സ്വയം വിമോചിപ്പിക്കാൻ കഴിയൂ. ഈ വിമോചിതനായ മനുഷ്യപുത്രൻ പിന്നീട് യഹൂദാ സമൂഹത്തിലെ അഴിക്കപ്പെടാത്ത കെട്ടുകൾ ധരിച്ചിരുന്ന സ്ത്രീകളോട് സ്വയം അഴിഞ്ഞ് അറിയിപ്പുകാരാകേണ്ടിയവരുടെ അറിയിപ്പുകാരാകാൻ പറഞ്ഞത് നാം കേട്ടതാണ്. (മത്താ. 28:10; മർക്കോസ് 16:6-7; ലൂ. 24:9,10). ഇത് അവരുടെ വിമോചനമായിരുന്നു.

10. മനുഷ്യനാണ് ശ്രദ്ധാകേന്ദ്രം എന്ന് പറഞ്ഞ ദൈവത്തിന്റെ നാമത്തിൽ ഇന്ന് 'ഞാൻ' 'എന്നെ' പുകഴ്ത്തുകയും ദൈവത്തെയും മനുഷ്യനെയും വീണ്ടും തുച്ഛീകരിക്കുകയും ചെയ്യുന്നു.
ഇവിടെയാണ് 'ഞാൻ' ഏകവചനമല്ല എന്ന് അറിയേണ്ട ആവശ്യം വരുന്നത്.

11. ഒരു “ഞാനും’ ശൂന്യതയിൽ നിന്നും ഉടലെടുത്തതൊ നിലനില്ക്കുന്നതൊ അല്ല. സൃഷ്ടിയുടെ ആരംഭത്തിൽ ‘വരുവിൻ നമുക്ക്’ എന്ന് പറയുമ്പോൾ ഈ തത്വം നമ്മെ ഓർമ്മപ്പെടുത്താനുള്ള പരിശ്രമം കൂടെ അതിലുൾക്കൊള്ളിച്ചിരിക്കുന്നു എന്ന് ഞാൻ കാണുന്നു. നിർബ്ബന്ധമായും ഏവരും പരസ്പരം ബന്ധപ്പെട്ടിരിക്കുകയും ഒരു വിശാല വൃത്തത്തിനകത്ത് ഉൾപ്പെടുകയും ചെയ്യുന്നു. സ്ഥൂലഭാവത്തിൽ ഏവരും വിവിധ കാരണങ്ങളാൽ വ്യത്യസ്ഥരാണ് എങ്കിലും സൂക്ഷ്മദർശനത്തിൽ ഏവരും ഒന്നുതന്നെയാണ്. ‘ഞാൻ’ എന്ന് പറഞ്ഞാൽ എന്നെ ഞാനാക്കുന്ന എല്ലാത്തിനോടും എല്ലാവരോടും ഉള്ള പങ്കാളിത്തത്തിൽ ഉള്ളയാൾ എന്നാണർത്ഥം. ഈ പങ്കാളിത്തമില്ലെങ്കിൽ ‘ഞാൻ’ ഇല്ല. ഇത് വിശാലമായ ഐക്യത്തെക്കുറിച്ചുള്ള ധാരണയിലും, അതുകൊണ്ടുണ്ടാകുന്ന വിമോചനത്തിലും നമ്മെ കൊണ്ടെത്തിക്കുന്നു. പങ്കാളിത്തത്തെക്കുറിച്ചുള്ള ധാരണ സ്വാതന്ത്ര്യമാണ്. തന്നെ തടവിലാക്കുന്ന താൻപോരിമയിൽ നിന്നുള്ള വിമോചനം. സഹോദരനില്ലെങ്കിൽ തനിക്ക് വർദ്ധിച്ച ദൈവാനുഗ്രഹവും നിലനില്പും, അഭിവൃദ്ധിയും ഉണ്ടാകും എന്ന് കരുതിയ കായേൽ, അങ്ങിനെയല്ല ഒറ്റപ്പെട്ട് ഉഴലുന്നവന് സംരക്ഷണമൊ ജീവിതമൊ ജീവനൊ ഇല്ല എന്ന സത്യം കണ്ടെത്തിയതായി നാം കാണുന്നു (ഉല്പത്തി 4:14). എന്നാൽ ഇത് വായിക്കുന്നവർക്കും അതിന്റെ പ്രചാരകർക്കും പക്ഷെ ഈ വിഷയം വേണ്ടത്ര വിജ്ഞാനമായിട്ടില്ല ഇന്നും.

12. ഐക്യം ക്രൈസ്തവരുടെ മാത്രം ഐക്യമൊ, മനുഷ്യന്റെ മാത്രം ഐക്യമൊ അല്ല; സൃഷ്ടിയുടെ മുഴുവൻ ഐക്യമാണ്. ദൈവവും മനുഷ്യനും തമ്മിലുടെ ഐക്യം നഷ്ടപ്പെടുമ്പോൾ മനുഷ്യനും മനുഷ്യനും, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഐക്യവും നഷ്ടപ്പെടുന്നു; വിമോചിതത്വം ഇല്ലാതാകുന്നു. ഏവരും അവനവന്റെ അടിമകളായിതീരുന്നു.
രക്ഷയുടെ അഥവാ വിമോചനത്തിന്റെ അവസ്ഥ ഏശായ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തുന്നുണ്ട് (11). പ്രകൃതിക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും വിമുഖത ഉണ്ടാകാൻ സാദ്ധ്യത ഇല്ല ഉണ്ടാകാൻ സാദ്ധ്യത മനുഷ്യന് മാത്രമാണ്.

13. മനുഷ്യാവതാരത്തിന്റെ കാര്യവിചാരകർ എന്നവകാശപ്പെടുന്ന ക്രൈസ്തവനാണ് ആദ്യം ഈ ഐക്യവും വിമോചിതാവസ്ഥയും ഉണ്ടാക്കാൻ ബാധ്യത. എക്യൂമെനിസിത്തിന്റെ പ്രാഥമിക തലം മാത്രമാണിത്. വിശാലതലം ഏശായ 11 തന്നെയാണ്. ചെന്നായും, പുള്ളിപുലിയും, ചെറിയ കുട്ടിയും, യഹോവയുടെ പർവ്വതവും എല്ലാം പരസ്പര വിശ്വാസത്താൽ ഒരേ ചരടിൽ കോർത്ത ഹാരമായിരിക്കുന്ന അവസ്ഥ. ഇവിടെയും മുൻപറഞ്ഞ “ദൈവം മനുഷ്യനായി” എന്ന വിശ്വാസം തന്നെയാണ് മാനദണ്ഡം. ഓർത്തഡോക്സ്കാരനൊ, സി. എസ്. ഐ. ക്കാരനൊ, മാർതോമക്കാരനൊ, ലൂഥറനൊ, ആംഗ്ലിക്കനൊ അല്ല; ഇതെല്ലാമായ മനുഷ്യനായി എന്നതാണ് വിശ്വാസ പ്രഖ്യാപനം. എന്നാൽ ഈ വിഭാഗങ്ങൾ തമ്മിൽ കാല-ദേശ-സംസ്ക്കാര വ്യതിയാനങ്ങൾ മൂലമുള്ള വൈജാത്യങ്ങൾ തീർച്ചയായും ഉണ്ട്. അതോടൊപ്പം ഈ വിഭാഗങ്ങളിൽ സുറിയാനി, ലത്തീൻ, ദളിത്, ഉറഹായ എന്നിങ്ങനെ അവാന്തര വിഭാഗങ്ങളും ഉണ്ടാകാം. എന്നാൽ ഇവ പരസ്പര സ്പർദ്ധയൊ, വിരുദ്ധതയൊ അല്ല സൃഷ്ടിക്കുക മറിച്ച് വൈവിദ്ധ്യത്തിന്റെ സൗന്ദര്യവും പരസ്പര പൂരകത്വവുമാണ്. മനുഷ്യാവതാരം ചെയ്തവൻ പറയുന്നത് ഞാൻ പിതാവിൽ നിന്നും കേട്ട് പഠിക്കത്തക്കവണ്ണം ഞാനും പിതാവും ഒന്നും ഒന്നുമാണെങ്കിലും രണ്ടല്ല എന്നാണ്. ഇതാണ് നമ്മുടെ മാതൃക. ഓർത്തഡോക്സ് ഒന്നാണ്, സി. എസ്. ഐ. ഒന്നാണ്, ലൂഥറൻ ഒന്നാണ് എന്നാൽ ഇവ ചേർന്ന് മൂന്നാകില്ല. ഒരു ശരീരം പല അവയവങ്ങൾ എന്നതുപോലെ എന്ന് വി. പൗലോസ് പറയുന്നു. ഒരവയവവും തനിയെ ശരീരമാകുന്നില്ല എന്നതുപോലെ ഒരവയവമില്ലാത്ത ശരീരം വികലാംഗവുമാണ്. ഞാൻ വേറെ നീ വേറെ എന്നുള്ള പിശകായ ധാരണയിൽ നിന്നുള്ള മോചനമാണ് നമുക്കുണ്ടാകേണ്ടത്.

ഞാനും എന്റെ പിതാവും (രണ്ടല്ല) ഒന്നാകുന്നു എന്ന് മനുഷ്യാവതാരം ചെയ്തവൻ പറഞ്ഞപ്പോൾ ഈ വിമോചനം നേടാതിരുന്നവർ അവനെ ഭത്സിച്ചു (യോഹ. 10:30 മു.). നമ്മുടെ വിശ്വാസം മനുഷ്യാവതാരം ചെയ്ത ദൈവത്തോടുള്ള പങ്കാളിത്തമാണ് എങ്കിൽ, ആ പങ്കാളിത്തത്തിലാണ് നമ്മുടെ സ്വതന്ത്ര്യം എങ്കിൽ ഈ സ്വാതന്ത്ര്യം നമ്മെ ഐക്യത്തിന്റെ വഴികളിൽ നയിക്കേണ്ടതാണ്. അകൽച്ചയിൽ നിന്നാണ് മോചനം (എഫേ. 2:14). സ്വാഭാവികമായി അടുത്തിരിക്കേണ്ടത് അകന്നിരിക്കുന്നത് അടിമത്തമാണ്. അടിമത്തം പാപമാണ്, വിശ്വാസരാഹിത്യ വും. ആദാം - മനുഷ്യൻ തനിയെ ആയിരിക്കുന്നത് നന്നല്ല എന്ന് ദൈവം പറയുമ്പോൾ തികച്ചും ഉപരിപ്ലവമായി അത് സ്ത്രീയെ സൃഷ്ടിക്കാനുള്ള ന്യായീകരണം

മാത്രമായിരുന്നു എന്ന് പറയരുത്. മറിച്ച് മനുഷ്യന്റെ സ്വാഭാവിക പങ്കാളിത്താവസ്ഥയെക്കുറിച്ചുള്ള പ്രഖ്യാപനമായിട്ടുകൂടി അതിനെ കാണണം.

വിളംബരം

14. വിമോചിതമായ അവസ്ഥ പാരസ്പര്യത്തിന്റെയും പങ്കാളിത്തത്തിത്തിന്റെയും അവസ്ഥയാണ് എന്ന് നാം കണ്ടു. ഈ ഐക്യം അഥവാ വിമോചിതാവസ്ഥ അതിൽ തന്നെ വിളംബരമാണ്, പ്രഖ്യാപനമാണ്. യോഹന്നാൻ 13:35. നമ്മുടെ ഐക്യം/ സ്നേഹം കണ്ടിട്ടാണ് നാം മനുഷ്യാവതാരം ചെയ്തവനിൽ വിശ്വസിക്കുന്നവരാണ് എന്ന് വിശാല ലോകം അറിയുന്നത്. നാം വിമോചനത്തിന്റെ അഥവാ ഐക്യത്തിന്റെ സാക്ഷികളാണ്. ധനവാനായ മനുഷ്യൻ നിയമങ്ങളെല്ലാം അറിയുന്നവനും അനുസരിക്കുന്നവനും ആണ് എങ്കിലും അവനെ മറ്റുള്ളവരിൽ നിന്നും അകറ്റുന്ന, വിമോചനം അസാദ്ധ്യമാക്കുന്ന ധനവുമായുള്ള അസ്വാഭാവിക ബന്ധം അവനെ തടവുകാരനാക്കിയിരുന്നു എന്ന് യേശു കണ്ടെത്തി (മത്തായി 19). സ്വത്ത് അതിൽതന്നെ ആവശ്യ വസ്തു ആയിരിക്കുകയും അതുകൊണ്ട് സ്വാഭാവികമായി പാപഹേതു അല്ലാതിരിക്കയും ചെയ്യുന്നു എങ്കിലും അതോടുള്ള ബന്ധം അടിമത്തപരമാകാം. ഈ അവസ്ഥയിൽ നിന്നും മോചനം നേടാനാണ് യേശു അവനോട് ആവശ്യപ്പെടുന്നത്. കൈ ഇടർച്ച വരുത്തുന്നു എങ്കിൽ അത് വെട്ടിക്കളക എന്നതുപോലെ അക്ഷരാർത്ഥത്തിൽ എടുക്കരുതാത്ത ഒന്നാണിതും. ഇതുപോലെ തന്നെയാണ് ജീവനെക്കുറിച്ചുള്ള ഭയം കൊണ്ട് ഒരു ദാസിയുടെ മുൻപിൽ അവനെ ഞാൻ അറിയുന്നില്ല എന്ന് പത്രോസ് പറയുമ്പോൾ ജീവതം തന്നെ തടങ്കൽ പാറയായിതീരുകയാണ്. എന്നാൽ മരണത്തെ യേശു അതിജീവിച്ചു എന്നും അതിൽ തനിക്കും പങ്കുചേരാൻ കഴിയും എന്നു കാണുമ്പോൾ ഭയം നീങ്ങി സർവ്വരുടെയും മുൻപിൽ ഒരു വിളംബരവുമായി നില്ക്കാൻ അവന് സാധിക്കുന്നു (മർക്കോസ് 14:68; അപ്പോ. പ്ര. 2:14 മു.).

എന്നാൽ വിളംബരം പ്രഖ്യാപനം എന്നൊക്കെ കേട്ടാൽ പള്ളിയിലെ പ്രസംഗപീഠത്തിൽ നിന്നും, കവലകളിൽ നിന്നും മൈക്കിന്റെ ഡയഫ്രം പൊട്ടിച്ചും ഈ ആധുനിക കാലത്ത് ആരും തിരിച്ചൊരു ചോദ്യവും ചോദിക്കാത്തവിധം മാസങ്ങൾക്ക് മുൻപ് റെക്കോർഡ് ചെയ്ത് ടെലിവിഷനിലൂടെ അലറി വിളിച്ചും നടത്തുന്ന വാചക കസർത്താണ് അത് എന്നൊരു ധാരണ എങ്ങിനെയൊ നമ്മുടെ തലയ്ക്കകത്ത് സ്ഥായിയായ രേഖപ്പെടുത്തലിന് വിധേയമായിട്ടുണ്ട്. മനുഷ്യാവതാരം ചെയ്തവന്റെ മുൻപിൽ വന്ന ഈ വെല്ലുവിളി നേരിട്ടുകൊണ്ട് അവൻ പറഞ്ഞു നിങ്ങൾ വചനത്തെ ശ്രദ്ധിച്ചില്ലെങ്കിലും കുഴപ്പമില്ല, എന്റെ പ്രവർത്തികളെ ശ്രദ്ധിക്കുക (യോഹ. 14:11; കൂടാതെ10: 25, 37,38 കാണുക). യേശുവിന്റെ പ്രവർത്തനങ്ങളെല്ലാം അവനും പിതാവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. ഇവിടെയാണ് നാം അമ്പേ പരാജയപ്പെടുന്നത്. നമ്മുടെ പ്രവർത്തികൾ കാണുമ്പോൾ നാം എത്രത്തോളം വിമോചിരാകാത്തവരാണ് എന്നത് വെളിപ്പെടുന്നു.

നമ്മുടെ എക്യൂമെനിക്കൽ പ്രസ്ഥാനം പ്രധാനമായും പരിമിതമാണ് എന്നതുകൂടാതെ ഒന്നുകിൽ സമൂഹത്തിൽ ചരിത്രത്തിന്റെ ഗതിയിൽ ഉയരുന്ന വെല്ലുവിളികളെ നേരിടുന്നതിന് പകരം അവയെ പ്രതിരോധിക്കുന്നതിനൊ, അല്ലെങ്കിൽ സ്വന്തം അതിരുകൾ സംരിക്ഷിക്കുന്നതിനുള്ള പരസ്പര ധാരക്കൊ, ഇതൊന്നുമല്ലെങ്കിൽ സമൂഹത്തിലെ ബലഹീന വിഭാഗത്തെ ചൂഷണം ചെയ്യുന്നതിനും അവരുടെ അവകാശങ്ങൾക്കെതിരെ സംഘമുണ്ടാക്കുന്നതിനൊ ഒക്കെയാണ്. കേരള ചരിത്രത്തിൽ അടുത്തകാലത്ത് ഏറ്റവും കറുത്ത അദ്ധ്യായങ്ങളിൽ എഴുതിയ ഒരു വിഷയമാണ് ക്രിസ്ത്യൻ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ; അതിനുവേണ്ടി ഉണ്ടാക്കിയിരിക്കുന്ന ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ. കാട്ടിലെ മാർതോമാ കുരിശിന്റെ എക്യൂമെനിസം ആളുകൾ മറന്നു തുടങ്ങിയപ്പോഴാണ് സ്വാശ്രയ വിഷയം ഉയർന്നത്. നാം ധനത്തിന്റെയും അധികാരത്തിന്റെയും ഭയത്തിന്റെയും അടിമകളാണ് ഇന്നും എന്ന് നമ്മുടെ പ്രവർത്തികൾ വിളംബരം ചെയ്യുന്നു. ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള നിലവിളി നമ്മുടെ അടിമത്താവസ്ഥയെ ആണ് വെളിവാക്കുന്നത്. ഇവിടെ വിശ്വാസത്തിന്റെ ചെറിയൊരു സൂചനപോലുമില്ല. അതുകൊണ്ട് വിമോചനവുമില്ല. എന്നാൽ വിളംബരങ്ങൾക്കൊട്ട് കുറവുമില്ല എന്നതാണ് തമാശ.

സ്വതന്ത്രാവസ്ഥ അഥവാ പാരസ്പര്യം സംവാദാത്മകമാണ്. അവിടെ ചോദ്യങ്ങളും ഉത്തരങ്ങളും അറിയലും അറിയിക്കലുമുണ്ട്. പുതിയൊരു ബന്ധത്തിന്, അതും വിമോചനത്തെ സാദ്ധ്യമാക്കുന്ന ബന്ധത്തെ ആരംഭിക്കുമ്പോൾ ദൈവത്തെ അറിഞ്ഞുവേണം മുന്നോട്ട് പോകാൻ എന്ന് മോശക്ക് മനസ്സിലാകുന്നു. അവിടെ നീ ആരാകുന്നു, ആർ എന്നെ അയച്ചു എന്നാണ് ഞാൻ പറയേണ്ടത് (പുറ. എ:13) എന്ന ചോദ്യം തികച്ചും പ്രസക്തമാണ്. അവിടെ ആരംഭിച്ച കൂട്ടായ പ്രവർത്തനം ഒരോ ഘട്ടവും കടന്ന് മുന്നേറുന്നത് ചിലപ്പോൾ ചോദ്യങ്ങളും,

ചിലപ്പോൾ നിലവിളികളും, ചിലപ്പോൾ പരാതികളും ഇതിനൊക്കെയുമുള്ള ദൈവത്തിന്റെ ഉത്തരവും പരിഹാരവും ഒക്കെ നിറഞ്ഞ സംവാദാത്മകതയിലൂടെയാണ്.

നമുക്ക് പക്ഷെ ധാരണകളാണുള്ളത് ചോദ്യങ്ങളല്ല. അതുകൊണ്ടുതന്നെ ഉത്തരങ്ങളുമില്ല. അബ്രാഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട് പിന്നെ എന്തിന് പുതിയ ചോദ്യങ്ങൾ എന്നായിരുന്നു പരീശപ്രമാണിമാരുടെ നിലപാട്. ഇതുതന്നെയാണ് നമ്മുടെ നിലപാടും. ഇതെക്കുറിച്ചാണ് യിരമ്യാ പ്രവാചകൻ (2 ൽ) പറഞ്ഞത് യഹോവ എവിടെ എന്ന് പുരോഹിതന്മാർ അന്വേഷിച്ചില്ല എന്ന്. എന്നാൽ അന്വേഷിക്കാത്തതുകൊണ്ട് കണ്ടെത്താത്തവന്റെ നാമത്തിൽ അനുഗ്രഹം അനവരതം വിതരണം ചെയ്തുകൊണ്ടേ ഇരുന്നു അവർ- കാശ് കൈപ്പറ്റിക്കൊണ്ട്. ഇന്ന് ധനത്തിന്റെ പാരമ്യത്തിൽ ജീവിക്കുന്ന സഭ ചോദ്യങ്ങൾ നഷ്ടപ്പെട്ട സമൂഹമായിരിക്കുന്നു. അതുകൊണ്ട് സഭയോടും ആരും ഒരു ചോദ്യവും ചോദിക്കുന്നില്ല. ചോദ്യം ചോദിക്കാത്തവന്റെ/ സ്വീകരിക്കാത്തവന്റെ പക്കൽ ഉത്തരമുണ്ടാവില്ല എന്ന് ലോകത്തിനറിയാം. സംവാദാത്മകതയാണ് ബന്ധത്തിന് കാലികത്വം നൽകുന്നത്. സർവ്വവും നിരന്തരം പുതുതാക്കുന്നവനോട് അവൻ സൃഷ്ടിക്കുന്നവയെക്കുറിച്ചും നിയന്ത്രിക്കുന്ന കാലത്തെക്കുറിച്ചും ചോദിച്ചറിയാതെ ഇന്നിന്റെ ഉള്ളടക്കത്തെയും അതോടുള്ള പ്രതികരണ ശൈലിയെയും നിർണ്ണയിക്കാൻ കഴിയില്ല. അങ്ങിനെ ചോദ്യങ്ങളും ഉത്തരങ്ങളുമില്ലാതെ നാം അപ്രസക്തരായി തീരുന്നു. പാശ്ചാത്യ നാടുകളിൽ ഇത് എന്നേ സംഭവിച്ചു കഴിഞ്ഞു, നമ്മുടെ ഇടക്കും ഇത് സാവകാശം കടന്നുവന്നുകൊണ്ടിരിക്കുന്നു. കണ്ണുള്ളവൻ കാണട്ടെ!

സമാപ്തം

15. വിശ്വസിക്കുന്നു എന്നത് ഐക്യത്തിലെ വിശ്വാസമാകുമ്പോൾ, അത് വിമോചിതാവസ്ഥ ആകുന്നു. ഈ ഐക്യവും അതുമൂലമുള്ള വിമോചിതാവസ്ഥയും അതിൽ തന്നെ പ്രഖ്യാപനമാകുന്നു. ഇതിന് കുറുക്കുവഴികൾ ഇല്ല തന്നെ. വിളംബരം ഐക്യത്തിലെ ജീവിതത്താലാണ്. ഐക്യത്തെ അടുത്ത തലത്തിലേക്ക് കൊണ്ടുപോകണമെങ്കിൽ ക്രൈസ്തവന്റെ ഐക്യത്തെ യാഥാർത്ഥ്യമാക്കേണ്ടിയിരിക്കുന്നു. പിതാവെ ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കണം എന്ന പ്രാർത്ഥനയിൽ (യോഹ. 17:21) സൃഷ്ടിമുഴുവനെയും ലക്ഷ്യമാക്കുന്നു എന്നതിനാൽ നമ്മുടെ മുൻപിൽ വലിയൊരു വെല്ലുവിളിയാണുള്ളത്. ഇവിടെ മുല്ലപ്പെരിയാറും, സൈലന്റ് വാലിയും, കൂടംകുളവും, തിരുനെല്ലിയും, നെല്ലിയാംപതിയും, സുസ്‌ലോൺ കമ്പനിയും ഒക്കെ പ്രഖ്യാപനത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളാകുന്നു. ഹിന്ദുവും, മുസൽമാനും, പാർസിയും, സിഖുകാരനും, കറുത്തവനും, വെളുത്തവനും, ചുവന്നവനും ഒന്നിച്ചുചേരുന്ന ഐക്യം. പൂക്കളെയും, പുഴകളെയും, മലകളെയും, മരങ്ങളെയും, പക്ഷികളെയും, മൃഗങ്ങളെയും ഒന്നിപ്പിക്കുന്ന നിരപ്പിന്റെ ശുശ്രൂഷയാണ് നമ്മുടെ വിമോചിതാവസ്ഥയുടെ വിളംബരം. ഇതിനെല്ലാം വിലങ്ങുതടിയായി നിന്നേക്കാവുന്ന സാംസ്ക്കാരികതയുടെയും ബാഹ്യ നിർദ്ദേശങ്ങളുടെയും കെട്ടുപാടുകളിൽ നിന്നും നമ്മെ വിമോചിപ്പിക്കണം ആദ്യം. സ്വാതന്ത്ര്യത്തിനായിട്ട് (മനുഷ്യാവതാരം ചെയ്ത ദൈവം) ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി (ഗലാത്യ. 5:1). കംസ്ക്കാരികത നിർവ്വചിക്കുന്ന മത്തിന്റെയും അതിലെ ആന്തരിക വിഭാഗങ്ങളുടെയും വേലിക്കെട്ടിൽ തളച്ചിട്ടിരിക്കുന്ന ദൈവത്തെ നമുക്ക് ക്രിസ്തുവിൽ സ്വതന്ത്രനാക്കാം.

ഇവിടെയാണ് ക്രൈസ്തവന്റെ വിശ്വാസത്തിന്റെ ഉള്ളടക്കം പരിശോധനാ വിഷയമാകുന്നത്. ലോകത്തോടുള്ള മനുഷ്യപുത്രന്റെ സ്വാതന്ത്ര്യത്തിന്റെ സന്ദേശം വിളംബരമാക്കുവാൻ അവന്റെ ദൈവത്വത്തെ ഏറ്റുപറയുന്ന വിശ്വാസ സംഘത്തിന് സ്വാഭാവികമായ ചുമതലയുണ്ട്. ഇത് ഐക്യത്തിന്റെ വലിയ വൃത്തത്തെ ഉൾക്കൊള്ളാനുള്ള വെല്ലുവിളിയുമാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രന്റെ ഐക്യശുശ്രൂഷയിലുള്ള പ്രതിബന്ധതയുടെ പ്രായോഗികതയാണിത്. കാലവും, പ്രകൃതിയും മനുഷ്യാവതാരം ചെയ്ത ദൈവ പുത്രനെ മുന്നിൽ നിർത്തി നമ്മെ